msarazak@hotmail.com
എം.എസ്.എ റസാഖ്


# പുണ്യകരമായ ഹജ്ജിന്റെ നേട്ടങ്ങൾ

عَنْ أَبِى هُرَيْرَةَ رَضِيَ اللهُ عَنْهُ أَنَّ رَسُولَ اللهِ ﷺ قَالَ: مَنْ حَجَّ لِلَّهِ، فَلَمْ يرفُثْ وَلَمْ يفْسُق، رجع كَيَوْمِ وَلَدَتْهُ أُمُّهُ (البخارى، المسلم)

**അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബി(സ) അരുളി: "ഏതൊരുവൻ അല്ലാഹുവിനു വേണ്ടി ഹജ്ജ് ചെയ്യുകയും അശ്ലീലം പറയുകയോ അധർമം പ്രവർത്തിക്കകയോ ചെയ്യാതെയുമിരുന്നാൽ തന്റെ മാതാവ് തന്നെ പ്രസവിച്ച ദിനത്തിലെന്ന പോലെ പാപ രഹിതനായി മടങ്ങുന്നതാണ്." (ബുഖാരി, മുസ്ലിം)**

ഇസ്ലാമിലെ പഞ്ചസ്തംഭങ്ങളിൽ അഞ്ചാമത്തേതാണ് ഹജ്ജ്. നിശ്ചിത ഉപാധികൾ പൂർത്തിയാകുമ്പോൾ ഹജ്ജ് നിർവഹിക്കൽ എല്ലാ മുസ്ലിംകൾക്കും നിർബന്ധ ബാധ്യതയാകുന്നു. പൗരാണികമായ ഒരു ആരാധനയും ദൈവിക ചിഹ്നവുമായ ഹജ്ജ് നിർവഹണത്തിന്റെ ലക്ഷ്യവും അതിൽ അനുവർത്തിക്കേണ്ട നിയമവിധികളും ഹജ്ജിന്റെ പ്രതിഫലവും സംക്ഷിപ്തമായി വിവരിക്കുകയാണ് പ്രവാചകൻ (സ) ഈ ഹദീസിലൂടെ. ഹജ്ജ് ചെയ്യുന്നതിന്റെ മൗലികമായ ചോദന അത് അല്ലാഹുവിന് വേണ്ടിയായിരിക്കണമെന്നതാണ്. അല്ലാഹുവിന്റെ കൽപന പ്രകാരം ഇബ്റാഹീം നബി(അ) നടത്തിയ പ്രഖ്യാപനത്തിന്റെ സാക്ഷാത്കാരമാണ് ഹജ്ജ്. പ്രവാചകൻ അരുളി: "ജനങ്ങളേ, അല്ലാഹു നിങ്ങൾക്ക് ഹജ്ജ് നിർബന്ധമാക്കിയിരിക്കുന്നു. അതിനാൽ നിങ്ങൾ ഹജ്ജ് ചെയ്യുക." (മുസ്ലിം)

ഹജ്ജ് ചെയ്യുന്നതിന്റെ യഥാർഥ പ്രേരണ അല്ലാഹുവിന്റെ തൃപ്തി തേടലും അവന്റെ കൽപന ശിരസാ വഹിക്കലും അവന്റെ ആഹ്വാനത്തിന് പ്രത്യുത്തരം നൽകലും ജീവിതത്തിലുടനീളം അല്ലാഹുവിന്റെ മാത്രം അടിമത്തം അംഗീകരിച്ച് അവനെ അനുസരിച്ച് ജീവിക്കലുമാവണം. അതിനുപരി പേരും പെരുമയും പ്രകടിപ്പിക്കുക, 'ഹാജി' എന്ന മേൽവിലാസത്തിൽ നാലാളുകൾക്കു മുമ്പിൽ അറിയപ്പെടുക പോലുള്ള കേവല ഭൗതികമായ ലക്ഷ്യങ്ങൾ ഉണ്ടാവരുത്. അല്ലാഹുവിനു വേണ്ടി ഹജ്ജ് ചെയ്യുക എന്നതിന്റെ വിവക്ഷയിതാകുന്നു.

ഹജ്ജിനു തീരുമാനമെടുത്തു കഴിഞ്ഞാൽ ഒട്ടേറെ മുന്നൊരുക്കങ്ങൾ നടത്തേണ്ടതുണ്ട്. പൂർണമായും ദൈവാടിമത്തത്തിലേക്ക് നീങ്ങുകയും ജീവിതം ദൈവ നിർദ്ദേശങ്ങൾക്കനുസൃതമായി പരിവർത്തിപ്പിക്കുകയും ചെയ്യുക. ഹജ്ജിന്റെ പ്രഥമ പടിയായ 'ഇഹ്റാം' ചെയ്തു കഴിഞ്ഞാൽ ചില ചിട്ടകളും മുറകളും പാലിക്കണം. സാധാരണ ജീവിതത്തിൽ അനുവദനീയമായ പല കാര്യങ്ങളും വർജ്ജിക്കുകയും വേണം. അതിൽ പ്രധാനമാണ് ലൈംഗിക വൃത്തിയും അതുമായി ബന്ധപ്പെട്ട വർത്തമാനങ്ങളും. ഇസ്ലാമിക സംസ്കാരത്തിനു നിരക്കാത്തതും ഹജ്ജിന്റെ പവിത്രതയ്ക്ക് ഭംഗം വരുത്തുന്നതുമായ അശ്ലീല പ്രവർത്തനങ്ങളും വചനങ്ങളും ഒഴിവാക്കി ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ മനസ്സും ശരീരവും ചിന്തയുമെല്ലാം ഹജ്ജ് കർമങ്ങളിൽ കേന്ദ്രീകരിക്കണം. അപ്പോൾ മാത്രമേ ഹജ്ജ് സഫലമാവുകയുള്ളൂ.

ലൈംഗിക ബന്ധവും അശ്ലീല വർത്തമാനവും എന്നാണ് 'റഫഥ്' എന്ന വാക്കിന്നർഥം. ഇഹ്റാമിൽ നിന്ന് ഒഴിവാകുന്നതോടെ ലൈംഗിക വൃത്തി അനുവദനീയമാണെങ്കിലും അശ്ലീല പ്രവർത്തനങ്ങളോ അനാവശ്യ വർത്തമാനങ്ങളോ അനുവദനീയമല്ല. അധർമപ്രവർത്തനം (ഫിസ്ഖ്) എന്നതിന്റെ വിവക്ഷയിൽ, ഇസ്ലാമിക ശരീഅത്തിനു വിരുദ്ധമായ കർമങ്ങളും, ഹജ്ജിന്റെ നിയമവിധികളുടെയും വ്യവസ്ഥകളുടെയും ലംഘനവും, ദൈവധിക്കാരപരമായ പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്നു (ഇമാം നവവി, ശറഹു മുസ്ലിം 5/130). ഹജ്ജ് അല്ലാഹുവിന്നുള്ളതാവുകയും ലൈംഗിക ബന്ധവും അശ്ലീല വർത്തമാനങ്ങളും അധാർമിക പ്രവർത്തനങ്ങളും ഉപേക്ഷിക്കുകയും ചെയ്താൽ ഹാജി മഹത്തായ പ്രതിഫലത്തിനർഹത നേടുന്നു. പാപത്തിൽ നിന്നും തെറ്റിൽ നിന്നും മോചനം നേടുന്നു. ഈ ആശയം പ്രകാശിപ്പിക്കുന്നതിന്നാണ് 'മാതാവ് പ്രസവിച്ച ദിനത്തിലെന്നപോലെ' മടങ്ങുന്നുവെന്ന് പ്രയോഗിച്ചിട്ടുള്ളത്. മറ്റൊരു ഹദീസിൽ പ്രവാചകൻ പറയുന്നു: "ഏതൊരുവൻ ഹജ്ജ് ചെയ്യുകയും അശ്ലീല വർത്തമാനം പറയുകയോ അധർമം പ്രവർത്തിക്കുകയോ ചെയ്യാതെയുമിരുന്നാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്" (തിർമിദി).

കേവലം ചില ചടങ്ങുകൾ നിർവഹിക്കലല്ല ഹജ്ജ്. തിന്മകളിൽ നിന്നും തെറ്റുകളിൽ നിന്നുമത് ആത്മാവിനെ സംസ്കരിക്കുന്നു. ക്ഷമയും സഹന ശീലവും വളർത്തുന്നു. ധനം വ്യയം ചെയ്യുവാനും സുഖ സൗകര്യങ്ങളിൽ നിയന്ത്രണം വരുത്തുവാനും സഹായിക്കുന്നു. സാമൂഹികമായ ഒട്ടേറെ നന്മകൾ കരസ്ഥമാക്കാൻ കൂടി ഹജ്ജ് സഹായിക്കുന്നു. പരസ്പര സഹായ-സഹകരണ മനോഭാവവും മുസ്ലിം ഐക്യബോധവും വളർത്തുന്നു. പാപങ്ങളിൽ നിന്ന് മുക്തി നേടുക മാത്രമല്ല ഹജ്ജിന്റെ പ്രതിഫലനം, സ്വർഗപ്രവേശനത്തിന്നർഹത നേടുന്നുവെന്നതു കൂടിയാണ്. "പുണ്യകരമായ ഹജ്ജിന് സ്വർഗമല്ലാതെ മറ്റൊരു പ്രതിഫലം ഇല്ല." (ബുഖാരി, മുസ്ലിം). ■